**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1452** **10-10-2024 - ൽ മറുപടിയ്ക്ക്**

**പുതുതായി ആരംഭിച്ച ഐ.ടി.ഐ. സ്ഥാപനങ്ങളുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്ത് ആരംഭിച്ച ഐ.ടി.ഐ. കളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഐ.ടി.ഐ. കളിൽ ഏതൊക്കെ ട്രേഡുകളാണ് ആരംഭിച്ചതെന്നും എത്ര തസ്തികകൾ സൃഷ്ടിക്കുകയുണ്ടായെന്നും വ്യക്തമാക്കുമോ; | (എ) | നേമം മണ്ഡലത്തിലെ ചാല, ഒല്ലൂർ മണ്ഡലത്തിലെ പീച്ചി, തൃത്താല മണ്ഡലത്തിലെ നാഗലശ്ശേരി, തവനൂർ മണ്ഡലത്തിലെ എടപ്പാൾ എന്നിവിടങ്ങളിലായി 4 പുതിയ സർക്കാർ ഐ.ടി.ഐകൾ ആരംഭിക്കുന്നതിനും, ആയതിന്റെ സുഗമമായ പ്രവർത്തനത്തിന് ട്രേഡുകൾ ആരംഭിക്കുന്നതിനും, ആവശ്യമായ സ്ഥിരം തസ്തികകളിലെ നിയമനം നിലവിലുള്ള ജീവനക്കാരുടെ/തസ്തികകളുടെ പുനർവിന്യാസം, പുന:ക്രമീകരണം എന്നിവയിലൂടെ നടപ്പിലാക്കുന്നതിനും, 3 ക്ലർക്കുമാരുടെ സ്ഥിരം തസ്തിക പുതിയതായി സൃഷ്ടിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് 13.09.2024 തീയതിയിലെ സ.ഉ(കൈ)നം.32/2024/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:-<br><br>പുതുതായി ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുള്ള 4 ഐ.ടി.ഐ-കളിൽ അനുവദിച്ചിട്ടുള്ള ട്രേഡുകളുടെ വിശദാംശങ്ങൾ:-<br><br>**i) ഗവ. ഐ.ടി.ഐ നാഗലശ്ശേരി**<br><br>ട്രേഡുകൾ:-<br>1. അഡിറ്റീവ് മാനുഫാക്ചറിംഗ് ടെക്നീഷ്യൻ (3D പ്രിന്റിംഗ്)<br>2. കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയിഡറി ആൻഡ് ഡിസൈനിംഗ്<br>3. ഡ്രാഫ്റ്റ്സ്മാൻ സിവിൽ<br>4. ഇൻഫർമേഷൻ ടെക്നോളജി<br><br>**ii) ഗവ. ഐ.ടി.ഐ എടപ്പാൾ**<br><br>ട്രേഡുകൾ:- |

1. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്
2. ഫാഷൻ ഡിസൈൻ ആൻഡ് ടെക്നോളജി
3. മെക്കാനിക് മോട്ടോർ വെഹിക്കിൾ
4. സോളാർ ടെക്നീഷ്യൻ (ഇലക്ട്രിക്കൽ)

**iii) ഗവ. ഐ.ടി.ഐ, പീച്ചി**

ട്രേഡുകൾ:-

1. ഫാഷൻ ഡിസൈൻ ആൻഡ് ടെക്നോളജി
2. ഡ്രാഫ്റ്റ്സ്മാൻ സിവിൽ
3. ഇലക്ട്രീഷ്യൻ പവർ ഡിസ്ട്രിബ്യൂഷൻ
4. മെക്കാനിക് മോട്ടോർ വെഹിക്കിൾ

**iv) ഗവ. ഐ.ടി.ഐ, ചാല**

ട്രേഡുകൾ:-

1. അഡിറ്റീവ് മാനുഫാക്ചറിംഗ് ടെക്നീഷ്യൻ (3D പ്രിന്റിംഗ്)
2. ഇൻഡസ്ട്രിയൽ റോബോട്ടിക്സ് ആൻഡ് ഡിജിറ്റൽ മാനുഫാക്ചറിംഗ് ടെക്നീഷ്യൻ
3. മറൈൻ ഫിറ്റർ
4. മൾട്ടിമീഡിയ അനിമേഷൻ & സ്പെഷ്യൽ എഫക്ട്സ്
5. വെൽഡർ-കം-ഫിറ്റർ (ആറ്റിങ്ങൽ ഐ.ടി.ഐ.യിൽ നിന്നും 2 യൂണിറ്റ് ഷിഫ്റ്റ് ചെയ്യുന്നു)

നേമം നിയമസഭാ മണ്ഡലത്തിലെ ചാല ഐ.ടി.ഐ-യിൽ അനുവദിച്ചിരിക്കുന്ന വെൽഡർ കം ഫിറ്റർ എന്ന ട്രേഡ് നിലവിലില്ലാത്തതിനാൽ ആയത് വെൽഡർ എന്നാക്കി തിരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

പുതുതായി ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുള്ള 4 ഐ.ടി.ഐ-കൾക്ക് ആവശ്യമായി വരുന്ന 63 സ്ഥിരം തസ്തികകളിൽ 60 തസ്തികകൾ നിലവിലുള്ള ജീവനക്കാരുടെ/ തസ്തികകളുടെ പുനർവിന്യാസം, പുനർക്രമീകരണം എന്നിവയിലൂടെ ക്രമീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

i. ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) - വകുപ്പിൽ ആകെയുള്ള 197 അരിത്തമെറ്റിക് കം ഡ്രോയിംഗ് ഇൻസ്ട്രക്ടർ തസ്തികകളിൽ നിലവിൽ അധികമായി കണ്ടെത്തിയിട്ടുള്ള 36 അരിത്തമെറ്റിക് കം ഡ്രോയിംഗ് തസ്തികകൾ മേൽ 4 ഐ.ടി.ഐകളിലെ

| | | | |
|---|---|---|---|
| | | | വിവിധ ട്രേഡുകളിലെ 36 ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയായി പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>ii. യൂണിറ്റുകൾ സഹിതം ഷിഫ്റ്റ് ചെയ്യുന്ന ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾ- ഒന്നാം ഗ്രേഡ് ഐ.ടി.ഐകളിൽ എട്ടോ അതിലധികമോ യൂണിറ്റുകളുള്ള ട്രേഡുകളിൽ നിന്ന് 2 യൂണിറ്റ് വീതം അതത് ജില്ലയിൽ പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐ.യിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിലൂടെ 2 ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക മേൽപ്പറഞ്ഞ ഒരു ഐ.ടി.ഐ-യിലേക്ക് നേരിട്ട് പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>iii. എൽ.ഡി. സ്റ്റോർ കീപ്പർ ആയി അപ്ഗ്രേഡ് ചെയ്ത് പുനർവിന്യസിക്കുന്ന തസ്തികകൾ- നിലമ്പൂർ, ചാത്തന്നൂർ, ചെങ്ങന്നൂർ, ധനുവച്ചപുരം ഐ.ടി.ഐകളിലെ 4 സ്റ്റോർ അറ്റൻഡർ (23700-52600) തസ്തികകൾ പുതുതായി ആരംഭിക്കുന്ന 4 ഐ.ടി.ഐ-കളിലെ 4 എൽ.ഡി സ്റ്റോർ കീപ്പർ (26500-60700) തസ്തികയായി അപ്ഗ്രേഡ് ചെയ്ത് പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>iv. പുനർവിന്യസിക്കുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികകൾ- ധനുവച്ചപുരം, അരീക്കോട്, മലമ്പുഴ, ചാലക്കുടി ഐ.ടി.ഐകളിലെ ഓഫീസ് പ്രവർത്തനത്തിന് ഒന്നിൽ കൂടുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയുള്ളതിനാൽ ടി തസ്തികകൾ അതാത് ജില്ലയിൽ പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>v. ജൂനിയർ ഇൻസ്ട്രക്ടർ (എംപ്ലോയബിലിറ്റി സ്കിൽ) - നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന 14 ജൂനിയർ ഇൻസ്ട്രക്ടർ (എംപ്ലോയബിലിറ്റി സ്കിൽ) തസ്തികകൾ, മേൽ 4 ഐ.ടി.ഐകളിലേക്ക് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>പുതുതായി ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുള്ള 4 ഐ.ടി.ഐ.കളിൽ 3 ക്ലർക്കുമാരുടെ സ്ഥിരം തസ്തികകൾ 26500-60700 ശമ്പള സ്കെയിലിൽ പുതിയതായി സൃഷ്ടിക്കുന്നതിനും 4 വാച്ച്മാൻമാരെയും, 4 കാഷ്വൽ സ്വീപ്പർമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച ഐ.ടി.ഐ ട്രേഡുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുള്ള 4 ഐ.ടി.ഐ-കളിൽ അനുവദിച്ചിട്ടുള്ള ട്രേഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**i) ഗവ. ഐ.ടി.ഐ നാഗലശ്ശേരി**<br><br>ട്രേഡുകൾ:-<br><br>1. അഡിറ്റിവ് മാനുഫാക്ചറിംഗ് ടെക്നീഷ്യൻ (3D പ്രിന്റിംഗ്)<br>2. കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയിഡറി ആൻഡ് ഡിസൈനിംഗ്<br>3. ഡ്രാഫ്റ്റ്സ്മാൻ സിവിൽ<br>4. ഇൻഫർമേഷൻ ടെക്നോളജി<br><br>**ii) ഗവ. ഐ.ടി.ഐ എടപ്പാൾ**<br><br>ട്രേഡുകൾ:-<br><br>1. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്<br>2. ഫാഷൻ ഡിസൈൻ ആൻഡ് ടെക്നോളജി<br>3. മെക്കാനിക് മോട്ടോർ വെഹിക്കിൾ<br>4. സോളാർ ടെക്നീഷ്യൻ (ഇലക്ട്രിക്കൽ)<br><br>**iii) ഗവ. ഐ.ടി.ഐ. പീച്ചി**<br><br>ട്രേഡുകൾ:-<br><br>1. ഫാഷൻ ഡിസൈൻ ആൻഡ് ടെക്നോളജി<br>2. ഡ്രാഫ്റ്റ്സ്മാൻ സിവിൽ<br>3. ഇലക്ട്രീഷ്യൻ പവർ ഡിസ്ട്രിബ്യൂഷൻ<br>4. മെക്കാനിക് മോട്ടോർ വെഹിക്കിൾ<br><br>**iv) ഗവ. ഐ.ടി.ഐ. ചാല**<br><br>ട്രേഡുകൾ:-<br><br>1. അഡിറ്റിവ് മാനുഫാക്ചറിംഗ് ടെക്നീഷ്യൻ (3D പ്രിന്റിംഗ്)<br>2. ഇൻഡസ്ട്രിയൽ റോബോട്ടിക്സ് ആൻഡ് ഡിജിറ്റൽ മാനുഫാക്ചറിംഗ് ടെക്നീഷ്യൻ<br>3. മറൈൻ ഫിറ്റർ<br>4. മൾട്ടിമീഡിയ അനിമേഷൻ & സ്പെഷ്യൽ എഫക്ട്സ്<br>5. വെൽഡർ-കം-ഫിറ്റർ (ആറ്റിങ്ങൽ ഐ.ടി.ഐ.യിൽ നിന്നും 2 യൂണിറ്റ് ഷിഫ്റ്റ് ചെയ്യുന്നു) |

| | | | |
|---|---|---|---|
| | | | കൂടാതെ ആറ്റിങ്ങൽ, ചാത്തന്നൂർ, കൊട്ടാരക്കര, മയ്യനാട് എന്നീ നാല് സർക്കാർ ഐ.ടി.ഐകളിൽ ഡ്രൈവർ കം മെക്കാനിക് എന്ന 6 മാസ ട്രേഡ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ